<u>പതിനാലാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2718

09/05/2017 - ൽ മറുപടിക്ക്

## മുനിസിപ്പൽ കോമൺ സർവ്വീസിലെ വികലാംഗ ജീവനക്കാരുടെ പ്രശ്നം

| ചോദ്യം<br>ശ്രീ. എം.കെ.മുനീർ | | ഉത്തരം<br>ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
|---|---|---|
| (എ) തദ്ദേശ സ്വയം ഭരണ വകുപ്പിലെ ഐ.എ. 4 - 720/2015/എൽ. എസ്. ജി. ഡി. എന്ന ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (എ) | കോഴിക്കോട് വികസന അതോറിറ്റിയിൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ താൽക്കാലിക നിയമനം ലഭിച്ച 9 ഭിന്ന ശേഷിക്കാരായ ഉദ്യോഗസ്ഥർക്ക് സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി വർഷം പ്രമാണിച്ച് സ്ഥിരം നിയമനം നൽകുകയും പിന്നീട് കോഴിക്കോട് വികസന അതോറിറ്റി പിരിച്ചുവിട്ടതിന്റെ ഭാഗമായി മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് മാറ്റി നിയമിക്കുകയും ചെയ്തപ്പോൾ കോഴിക്കോട് വികസന അതോറിറ്റിയിൽ ഉണ്ടായിരുന്ന മുൻകാല സർവ്വീസും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മുനിസിപ്പൽ കോമൺ സർവ്വീസിൽ സംരക്ഷിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടി ജീവനക്കാർ സമർപ്പിച്ച അപേക്ഷ ധനകാര്യ വകുപ്പുമായി ചേർന്ന് പരിശോധിക്കുകയും ടി വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നഗരകാര്യ വകുപ്പ ഡയറക്ടറോട് ആവശ്യപ്പെടുകയുണ്ടായി. |
| (ബി) നഗരകാര്യ ഡയറക്ടറേറ്റിലെ ഇ 6/6476/2016 എന്ന ഫയലിന്മേൽ നഗരകാര്യ ഡയറക്ടർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;<br>(സി) നഗരകാര്യ ഡയറക്ടറേറ്റിലെ മേൽ സൂചിപ്പിച്ച ഫയലിന്മേൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) & (സി) | 03.05.2017 ൽ ഇ 6/6476/2016 കത്ത് പ്രകാരം നഗരകാര്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

ഇ6-6476/16

നഗരകാര്യ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
തിരുവനന്തപുരം
തീയതി : 3/5/2017
ഫോൺ: 0471-2318896
E mail ID duatvpm@gmail.com

പ്രേഷകൻ
നഗരകാര്യ ഡയറക്ടർ

സ്വീകർത്താവ്
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്

സർ,

വിഷയം: നഗരകാര്യ വകുപ്പ്- മുൻകാല സർവ്വീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നത്-സംബന്ധിച്ച്

സൂചന :
1. കോഴിക്കോട് വികസന അതോറിറ്റി സെക്രട്ടറിയുടെ 28.5.2015 ലെ 19035/എ1/78/സി.ഡി.എ നമ്പർ കത്ത്
2. 5.3.2016 ലെ ത.സ്വ.ഭ.വ-ഐ.എ4/720/2015/ ത.സ്വ.ഭ.വ നമ്പർ സർക്കാർ കത്ത്

************

കോഴിക്കോട് വികസന അതോറിറ്റിയിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെടുകയും പിന്നീട് 1999 ൽ പുനർ നിയമനം ലഭിക്കുകയും ചെയ്ത അംഗപരിമിതരായ ജീവനക്കാർക്ക് CDA യിലെ മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ചുകിട്ടുന്നതിനായി ജീവനക്കാരിൽ ഒരാളായ ശ്രീ.പി.പി.ജനാർദ്ധനന്റെ മാതാവായ ശ്രീമതി.പി.പി.ലീല മേൽ സൂചന(2) ലെ കത്തിനോടൊപ്പം ലഭ്യമാക്കിയ അപേക്ഷയിൻമേൽ സൂചന (1) ന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും വിധം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് 1.1.1997 മുതൽ 14.8.1998 വരെയുള്ള കാലയളവിൽ സർക്കാർ സർവ്വീസിൽ താൽക്കാലിക നിയമനം ലഭിച്ച അംഗപരിമിതരായ ജീവനക്കാർക്ക് സ്ഥിര നിയമനം നൽകണമെന്ന സർക്കാർ ഉത്തരവ് പ്രകാരം മേൽ കാലയളവിൽ CDA യിൽ സേവനമനുഷ്ഠിച്ച നിവേദനത്തിൽപറഞ്ഞ അംഗപരിമിതരായ 9 ജീവനക്കാർക്ക് കോഴിക്കോട് വികസ അതോറിറ്റിയിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ പുനർനിയമനം നൽകിയിരുന്നു.

മുനിസിപ്പൽ കോമൺ സർവ്വീസിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയില്ലാത്തതിനാൽ Junior most Lower Division Clerk ആയി ജോലി ചെയ്യുവാൻ സമ്മതമാണെങ്കിൽ അപ്രകാരം സമ്മതപത്രം ഒരോ അംഗപരിമിതരായ ജീവനക്കാരിൽ നിന്നും വാങ്ങി സർക്കാരിന് സമർപ്പിക്കുവാൻ സർക്കാർ CDA യോട് ആവശ്യപ്പെട്ടതനുസരിച്ച് ടി ജീവനക്കാർ സമർപ്പിച്ച സമ്മതപത്രം സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ആയത് പ്രകാരം 13.8.2004 ലെ ജി.ഒ(എം.എസ്)267/2004/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം CDA ഓഫീസിൽ 4000–6090 രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്തിരുന്ന ടി ജീവനക്കാരെ മുനിസിപ്പൽ കോമൺ സർവ്വീസിൽ 3050–5230 രൂപ ശമ്പള സ്കെയിലിൽ ലോവർ ഡിവിഷൻ ക്ലർക്കുമാരായി നിയമിക്കുന്നതിന് സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ശ്രീ.പി.പി.ജനാർദ്ദനൻ ഉൾപ്പെടെയുള്ള 9 അംഗപരിമിതരായ ജീവനക്കാരെ മുനിസിപ്പൽ കോമൺ സർവ്വീസിൽ Junior most L.D.Clerk മാരായി നഗരകാര്യ ഡയറക്ടറുടെ 16.9.2004 ലെ ബി7–14050/2003 നമ്പർ ഉത്തരവ് പ്രകാരം നിയമിക്കുകയുണ്ടായി. ഇതിനെ തുടർന്ന് ടിയാളുകൾ സി.ഡി.എ യിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതും ബന്ധപ്പെട്ട നഗരസഭ/മുനിസിപ്പാലിറ്റികളിൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതുമാണ്.

1999 ൽ കോഴിക്കോട് ഡെവലപ്മെന്റ് അതോറിറ്റിയിൽ ജോലിയിൽ പ്രവേശിച്ചതു മുതൽ 2004 ൽ വിടുതൽ ചെയ്യുന്നതുവരെ 4000–6090 ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ മുനിസിപ്പൽ കോമൺ സർവ്വീസിൽ 3050–5230 രൂപ ശമ്പള സ്കെയിലിൽ ലോവർ ഡിവിഷൻ ക്ലർക്കുമാരായി മാറ്റി നിയമിക്കുകയാണുണ്ടായത്.

മുനിസിപ്പൽ സർവ്വീസിലേയ്ക്ക് നിയമനം ലഭിച്ച അംഗപരിമിതരായ ജീവനക്കാരുടെ സി.ഡി.എ യിലെ സേവനകാലത്തെ സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | സേവന കാലയളവ് | പുനർ നിയമനം ഡ്യൂട്ടിയിൽ പ്രവേശിച്ച തീയതി | തസ്തിക, ശമ്പള സ്കെയിൽ | മുനിസിപ്പൽ കോമൺ സർവ്വീസിൽ പ്രവേശിക്കുന്നതിന് വിടുതൽ ചെയ്ത തീയതി |
|---|---|---|---|---|---|
| 1 | ഇ.അബ്ദുൾസലാം | 2.9.1996 മുതൽ 27.2.1997 വരെ | 10.2.1999 FN | അസിസ്റ്റന്റ് ഗ്രേഡ് II 4000–6090 | 19.11.2004 AN |

| | | | | | |
|---|---|---|---|---|---|
| 2 | സി.അനിരുദ്ധൻ | 25.11.1996 മുതൽ 22.5.1997 വരെ | 10.2.1999 FN | അസിസ്റ്റന്റ് ഗ്രേഡ് II 4000–6090 | 27.9.2004 AN |
| 3 | പി.മോഹനൻ | 27.11.1996 മുതൽ 24.5.1997 വരെ | 10.2.1999 FN | അസിസ്റ്റന്റ് ഗ്രേഡ് II 4000–6090 | 24.9.2004 AN |
| 4 | കെ.എം.ചന്ദ്രൻ | 24.11.1996 മുതൽ 18.10.1997 വരെ | 10.2.1999 FN | അസിസ്റ്റന്റ് ഗ്രേഡ് II 4000–6090 | 21.10.2004 AN |
| 5 | എം.ബിജു | 30.7.1996 മുതൽ 24.1.1998 വരെ | 10.2.1999 FN | അസിസ്റ്റന്റ് ഗ്രേഡ് II 4000–6090 | 28.9.2004 AN |
| 6 | എം.രമ | 1.10.1997 മുതൽ 28.3.1998 വരെ | 10.2.1999 FN | അസിസ്റ്റന്റ് ഗ്രേഡ് II 4000–6090 | 29.9.2004 AN |
| 7 | റ്റി.കെ.ഗോകുലൻ | 29.12.1997 മുതൽ 25.6.1998 വരെ | 10.2.1999 FN | അസിസ്റ്റന്റ് ഗ്രേഡ് II 4000–6090 | 28.9.2004 AN |
| 8 | റ്റി.കെ.മധുസൂദനൻ | 13.8.1998 മുതൽ 6.6.1998 വരെ | 25.9.1999 FN | അസിസ്റ്റന്റ് ഗ്രേഡ് II 4000–6090 | 24.9.2004 AN |
| 9 | പി.പി.ജനാർദ്ദനൻ | 14.8.1998 മുതൽ 8.2.1999 വരെ | 25.9.1999 FN | അസിസ്റ്റന്റ് ഗ്രേഡ് II 4000–6090 | 24.9.2004 AN |

സി.ഡി.എ സർവ്വീസിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിന്നും മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് എൽ.ഡി.ക്ലർക്കുമാരായി മാറ്റി നിയമിക്കപ്പെട്ട മേൽ പരാമർശിച്ച ജീവനക്കാരുടെ കോഴിക്കോട് ഡെവലപ്മെന്റ് അതോറിറ്റിയിൽ യുണ്ടായിരുന്ന മുൻകാല സർവ്വീസ് മുനിസിപ്പൽ കോമൺ സർവ്വീസിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സംരക്ഷിച്ചു നൽകുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്തുകൊള്ളുന്നു.

താങ്കളുടെ വിശ്വസ്തൻ

(ഒപ്പ്)

ബി.കെ.ബാലരാജ്
ജോയിന്റ് ഡയറക്ടർ(ഭരണം)
നഗരകാര്യ ഡയറക്ടർക്കുവേണ്ടി

വി.എസ്.ആർ

(ഒപ്പ്)

സെക്രട്ടറിക്ക് കൈമാറി.